**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 304 | 27.02.2017 ൽ മറുപടിക്ക്

## നിലമ്പൂരിലെ സർക്കാർ ആശുപത്രികൾ

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതിയിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ പ്രാക്തന, ഗോത്ര, ആദിവാസി ജനവിഭാഗങ്ങൾ ഗണ്യമായി ആശ്രയിക്കുന്ന കരുളായി പി.എച്ച്.സി. യെ കൂടി ഉൾപ്പെടുത്താനാകുമോ ; | (എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തുന്ന പരിപാടിയുടെ ആദ്യഘട്ടമായി ഒരു ബ്ലോക്ക്/അസംബ്ലി മണ്ഡലത്തിൽ ഒരു പി.എച്ച്.സി വീതമാണ് തെരെഞ്ഞെടുത്തിരിക്കുന്നത്. പി.എച്ച്.സി കരുളായി ഇതിൽ ഉൾപ്പെട്ടിട്ടില്ല.<br>നിലവിൽ അംഗീകരിച്ച ആർദ്രം പദ്ധതിയിൽ പട്ടികവർഗ്ഗ മേഖലകളിലേക്കുള്ള പ്രത്യേക പ്രോഗ്രാമുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനായി ഒരു പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കി ആർദ്രം മിഷനിൽ ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടത്തുന്നുണ്ട് ; സ്ഥിരം ഡോക്ടർമാരില്ലാതെ ഏതൊക്കെ പി.എച്ച്.സി. കളാണ് പ്രവർത്തിക്കുന്നത് ; | (ബി) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ വഴിക്കടവ്, പോത്തുകല്ല് എന്നീ 24 x 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ നടത്തുന്നുണ്ട്. നിലമ്പൂർ നിയോജക മണ്ഡലത്തിൽ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സ്ഥിരം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ മെഡിക്കൽ സൂപ്രണ്ടിനും ഡോക്ടർമാർക്കുമെതിരായി ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഏതു തരം നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | ആശുപത്രി സൂപ്രണ്ട് ഡോ.സിമാമു.പി.യും ഒഫ്ത്താൽമോളജി ജൂനിയർ കൺസൾട്ടന്റ് ഡോ.ജലാൽ പി.എം.ഉം നാട്ടുകാരുടെയും രോഗികളുടെയും മുമ്പിൽ വച്ച് പരസ്പരം വഴക്കിടുകയും കയ്യേറ്റമുണ്ടാവുകയും ചെയ്യതായും രണ്ട് പേരും പ്രത്യേകം പരാതികൾ പോലീസിനെ അറിയിച്ച് രണ്ട് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടു ഡോക്ടർമാരുടെയും മേൽ പ്രവർത്തികൾ ഗുരുതര അച്ചടക്ക ലംഘനം ആയതിനാൽ അവർക്കെതിരെ കടുത്ത അച്ചടക്കനടപടി സ്വീകരിക്കാൻ22.02.2017 ലെ ഇസി5/6726/17/ഭ കത്തു പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ